(ബി) പ്രസ്തുത പദ്ധതിയിൽപ്പെട്ടതും പൂർത്തീകരിക്കപ്പെടാതെ വിവിധ ഘട്ടങ്ങളിൽ നില്ക്കുന്നതുമായ കണ്ണൂർ ജില്ലയിലെ പ്രവർത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) സർക്കാരിന്റെ അനുമതി കിട്ടിയിട്ടും പ്രവർത്തി ആരംഭിക്കാത്ത കണ്ണൂർ ജില്ലയിലെ പദ്ധതികൾ ഏതെല്ലാമാണെന്നും പ്രവർത്തി ആരംഭിക്കുവാൻ കൈക്കൊണ്ട നടപടികളെന്താണെന്നും വ്യക്തമാക്കുമോ;

(ഡി) സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുള്ള കണ്ണൂർ ജില്ലയിലെ പദ്ധതികൾ ഏതെല്ലാമാണെന്നും, അനുമതി ലഭ്യമാക്കുവാൻ കൈക്കൊണ്ട നടപടികൾ എന്താണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചുവരുന്നു.

ഗ്രാമവികസന വകുപ്പിന്റെ വികസന പ്രവർത്തനങ്ങൾ

106 [2609] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗ്രാമവികസന വകുപ്പിന്റെ വിവിധ സ്കീമുകൾ മുഖേന സംസ്ഥാനത്ത് എത്ര കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ശ്രീകൃഷ്ണപുരം നിയോജക മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗ്രാമവികസന വകുപ്പിന്റെ കീഴിലുള്ള വിവിധ സ്കീമുകൾ മുഖേന നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും, അവയ്ക്കായി ചെലവഴിച്ച തുക എത്രയാണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

ഇന്ദിര ആവാസ് യോജനാ പ്രകാരം ഭവന നിർമ്മാണ ധനസഹായം

107 [2610] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ദിരാ ആവാസ് യോജന പ്രകാരം 2004-05 വർഷത്തിൽ സംസ്ഥാനത്താകെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള എത്ര കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം ലഭ്യമാക്കിയെന്നും, എത്ര കുടുംബങ്ങൾക്ക് വാസയോഗ്യമല്ലാത്ത വീടുകളുടെ പുനരുദ്ധാരണത്തിന് ധനസഹായം ലഭ്യമാക്കിയെന്നും, ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കണ്ണൂർ ജില്ലയിലെ ഓരോ വികസന ബ്ലോക്കിലും ഓരോ ഇനത്തിലും, എത്ര കുടുംബങ്ങൾക്ക് വീതം ഈയിനത്തിൽ ധനസഹായം ലഭ്യമാക്കിയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 2004-05 വർഷത്തിൽ പുതിയ ഭവന നിർമ്മാണത്തിന് ധനസഹായം നൽകിയ കുടുംബങ്ങളെ സംബന്ധിച്ച കണക്ക് അനുബന്ധം †ആയും, വാസയോഗ്യ മല്ലാത്ത വീടുകളുടെ പുനരുദ്ധാരണത്തിന് ധനസഹായം നൽകിയ കുടുംബങ്ങളെ സംബന്ധിച്ച കണക്ക് അനുബന്ധം †ആയും ചേർത്തിരിക്കുന്നു.

(ബി) ബ്ലോക്ക് തിരിച്ചുള്ള കണക്ക് അനുബന്ധം ആയി ചേർത്തിരിക്കുന്നു.†

കണ്ണൂർ ജില്ലയിലെ കേന്ദ്ര ഗ്രാമീണ ശുചീകരണ പദ്ധതി

[108] (2611) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനരാവിഷ്കരിച്ച കേന്ദ്ര ഗ്രാമീണ ശുചീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി 2004-05 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്താകെ എത്ര ബി. പി. എൽ. കുടുംബങ്ങൾക്കും സ്കൂളുകൾക്കും, അംഗൻവാടികൾക്കും സാനിട്ടറി കക്കൂസ് നിർമ്മിച്ച് നല്കിയെന്നത് സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) കണ്ണൂർ ജില്ലയിൽ ഓരോ വികസന ബ്ലോക്കുകളിലെയും കണക്കുകൾ ഇനം തിരിച്ച് ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം സാനിട്ടറി കക്കൂസ് നിർമ്മിക്കുവാൻ ബി.പി.എൽ. കുടുംബങ്ങൾക്ക് എത്ര തുകയാണ് നല്കുന്നതെന്നും സ്കൂളുകൾക്കും, അംഗൻവാടികൾക്കും എത്ര തുക വീതമാണ് പരമാവധി അനുവദിക്കുന്നതെന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി പ്രകാരം ഓരോ ഇനത്തിലും 2005-06 സാമ്പത്തിക വർഷം കണ്ണൂർ ജില്ലയിലെ ഓരോ വികസന ബ്ലോക്കിലും എത്ര സാനിട്ടറി കക്കൂസുകൾ നിർമ്മിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധം ആയി ഒന്നിൽ ചേർത്തിരിക്കുന്നു.†

(ബി) വിവരം അനുബന്ധം ആയി ചേർത്തിരിക്കുന്നു.†

(സി) സാനിട്ടറി കക്കൂസ് ബേസ് യൂണിറ്റ് നിർമ്മാണ ചെലവ് റ്റി. എസ്. സി. പ്രകാരം 1000 രൂപയാണ് നിശ്ചയിച്ചിട്ടുള്ളത്. ഇതിൽ സഹായധനം 600 രൂപയാണ്. എന്നാൽ കേരളത്തിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് 2000 രൂപ വരെ

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

Manager

Jais Stephen,
Executive Engineer,
Killippalam,
Trivandrum.

Lady Manager

Leena, A.,
House No. 53,
CIT Road,
Pum Nagar,
Killippalam.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IV

[14-3-2005-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 107 (2610) ദയവായി കാണുക]

2004-05 വർഷത്തിൽ പുതിയ ഭവന നിർമ്മാണത്തിന് ധനസഹായം ലഭ്യമാക്കിയതിന്റെ ജില്ല തിരിച്ചുള്ള കണക്ക്.

ക്രമ നമ്പർ	*ജില്ല*	
1	തിരുവനന്തപുരം	2747
2	കൊല്ലം	3196
3	പത്തനംതിട്ട	1602
4	ആലപ്പുഴ	1800
5	കോട്ടയം	585
6	ഇടുക്കി	680
7	എറണാകുളം	1218
8	തൃശ്ശൂർ	2628
9	പാലക്കാട്	3775
10	മലപ്പുറം	1878
11	കോഴിക്കോട്	1918
12	വയനാട്	1456
13	കണ്ണൂർ	1230
14	കാസർഗോഡ്	1046
	ആകെ	25759

2/655/2012—43.

അനുബന്ധം V

[14-3-2005-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 107 (2610) ദയവായി കാണുക]

2004-05 വർഷത്തിൽ വാസയോഗ്യമല്ലാത്ത വീടുകളുടെ പുനരുദ്ധാരണത്തിന് ധനസഹായം ലഭ്യമാക്കിയതിന്റെ ജില്ല തിരിച്ചുള്ള കണക്ക്.

ക്രമ നമ്പർ	ജില്ല	
1	തിരുവനന്തപുരം	1330
2	കൊല്ലം	..
3	പത്തനംതിട്ട	841
4	ആലപ്പുഴ	1068
5	കോട്ടയം	275
6	ഇടുക്കി	160
7	എറണാകുളം	530
8	തൃശ്ശൂർ	1422
9	പാലക്കാട്	1382
10	മലപ്പുറം	626
11	കോഴിക്കോട്	685
12	വയനാട്	541
13	കണ്ണൂർ	296
14	കാസർഗോഡ്	526
	ആകെ	9652

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VI

[14-3-2005-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 107 (2610) ദയവായി കാണുക]

2004-05 വർഷത്തിൽ കണ്ണൂർ ജില്ലയിൽ വിവിധ ബ്ലോക്കുകളിൽ ഇന്ദിരം ആവാസ് യോജനയുടെ കീഴിൽ ധനസഹായം നൽകിയ കുടുംബങ്ങളുടെ എണ്ണം.

ക്രമ നമ്പർ	*ബ്ലോക്കിന്റെ പേര്*	*പുതിയ വീടുകൾ നൽകിയത്*	*വാസയോഗ്യമല്ലാത്ത വീടുകൾ പുനരുദ്ധരിക്കുന്നതിന് സഹായം*
1	പയ്യന്നൂർ	186	47
2	തളിപ്പറമ്പ്	232	58
3	ഇരിക്കൂർ	179	44
4	കണ്ണൂർ	54	14
5	എടക്കാട്	108	27
6	തലശ്ശേരി	81	9
7	കൂത്തുപറമ്പ്	141	35
8	ഇരിട്ടി	141	35
9	പേരാവൂർ	108	27
	ആകെ	1230	296

LIBRARY ARCHIVES Kerala Legislative Assembly